ചോദ്യോത്തരം
മുജീബ്

# തുഹ്ഫത്തുൽ മുജാഹിദീനും ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ കേരള പാഠവും

■ *മുഹമ്മദ് അബ്ദുല്ല കണ്ണൂർ*

*"തങ്ങളുടെ വിശ്വാസ, സാംസ്കാരിക സ്വാതന്ത്ര്യം ഹനിക്കപ്പെടാത്തിടത്തോളം ആ ഭരണാധികാരിയെ അനുസരിക്കുകയും ഭരണകൂടത്തെ നിലനിർത്താൻ പോരാടുകയും വേണമെന്നും ഈ യുദ്ധം പുണ്യ യുദ്ധ(ജിഹാദ്)ത്തിന്റെ പരിധിയിൽ തന്നെയാണെന്നും ശൈഖ് മഖ്ദൂം വ്യക്തമാക്കുന്നു.... അന്നത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ടാണ് ശൈഖ് മഖ്ദൂം ക്രിസ്ത്യാനികളായ പോർച്ചുഗീസുകാർക്കെതിരെ ബഹുദൈവവിശ്വാസികളായ സാമൂതിരിമാർക്ക് പിന്തുണ നൽകാൻ പ്രേരണ നൽകുകയും അത് മതപരമായ ഒരനിവാര്യതയായി വ്യാഖ്യാനിക്കുകയും ചെയ്തത്. മൗലാനാ മൗദൂദിയും സയ്യിദ് ഖുത്വ്ബും ഉൾപ്പെടെയുള്ള ആധുനിക ഇസ്‌ലാമിസ്റ്റുകൾ പോലും ഇസ്‌ലാം അല്ലെങ്കിൽ ജാഹിലിയ്യത്ത് എന്ന കേവല ദ്വന്ദ്വത്തിനപ്പുറത്തേക്ക് ചിന്തിച്ചിരുന്നില്ലെന്ന കാര്യം ഓർക്കുമ്പോൾ ശൈഖ് സൈനുദ്ദീൻ മഖ്ദൂമിന്റെ സമകാലിക പ്രസക്തി കൂടുതൽ ബോധ്യമാകും. ഇന്ത്യ സ്വതന്ത്രമാവുകയും ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷങ്ങൾ ഒരു മതേതര ജനാധിപത്യ വ്യവസ്ഥയുടെ ഭാഗമാവുകയും ചെയ്തപ്പോൾ സൈനുദ്ദീൻ മഖ്ദൂം മുന്നോട്ടുവെച്ച ഇജ്തിഹാദിനെ പിന്തുടരുകയാണ് വാസ്തവത്തിൽ ഇന്ത്യയിലെ പ്രമുഖ പണ്ഡിതർ ചെയ്തത്" (മുജീബുർറഹ്മാൻ കിനാലൂർ, തുഹ്ഫത്തുൽ മുജാഹിദീൻ വഴിയും വായനയും, പേജ് 44-46. എഡിറ്റർ ടി. മുഹമ്മദ് വേളം, ഐ.പി.എച്ച്). ദൈവേതര ഭരണകൂടങ്ങൾക്കുള്ള അനുസരണം, ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ വിവക്ഷ, ജാഹിലിയ്യത്ത്, ജിഹാദ് എന്നിങ്ങനെ ഇസ്‌ലാമിക പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന ഏതാണ്ടെല്ലാ സംജ്ഞകളെയും അന്യഥാ വ്യാഖ്യാനിക്കുകയും സർവോപരി മഖ്ദൂം പണ്ഡിതന്മാരുടെ മതേതര ജനാധിപത്യ കാഴ്ചപ്പാടുള്ള കേരളീയ ഇസ്‌ലാമിനെ അട്ടിമറിക്കുകയുമായിരുന്നു സയ്യിദ് മൗദൂദിയും സയ്യിദ് ഖുത്വ്ബും ചേർന്ന 'വിദേശ ഇസ്‌ലാം' ചെയ്തതെന്ന ഗുരുതരമായ ആരോപണത്തെ എങ്ങനെ കാണുന്നു?*

**സ**യ്യിദ് ഖുത്വ്ബ് ജീവിച്ചതും പ്രവർത്തിച്ചതും മുസ്‌ലിം ഭൂരിപക്ഷ രാഷ്ട്രമായ ഈജിപ്തിലായിരുന്നു. ഈജിപ്തിൽ 1928-ൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തനമാരംഭിക്കുമ്പോൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പാവമാത്രമായ ഫാറൂഖ് രാജാവായിരുന്നു നാടുവാഴി. എല്ലാ മേഖലകളിലും പാശ്ചാത്യ അധിനിവേശം പുലർന്ന കാലം. അതവസാനിപ്പിച്ച് ഇസ്‌ലാമിക പൈതൃക ഭൂമിയായ ഈജിപ്തിൽ മഹാ ഭൂരിപക്ഷ ഹിത പ്രകാരമുള്ള ഖുർആനിക ഭരണം നടപ്പാക്കണമെന്നതായിരുന്നു ഇഖ്‌വാന്റെ ആവശ്യം. സ്ഥാപകനായ ഹസനുൽ ബന്നായെ രാജാവിന്റെ കിങ്കരന്മാർ വെടിവെച്ചു കൊന്നിട്ടും അതിശയകരമായ വേഗതയിൽ ഇഖ്‌വാൻ അജയ്യ ജനകീയ പ്രസ്ഥാനമായി മാറാൻ താമസമുണ്ടായില്ല. അതിന്റെ പ്രഭാവഫലമായിരുന്നു മതേതര സാഹിത്യകാരനായിരുന്ന സയ്യിദ് ഖുത്വ്ബ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളിയായി മാറിയത്. ഫാറൂഖ് രാജാവിനെ പുറത്താക്കി 1952-ൽ ഭരണം പിടിച്ചെടുത്ത കേണൽ ജമാൽ അബ്ദുന്നാസിറും ജനറൽ മുഹമ്മദ് നജീബുമടങ്ങിയ ഫ്രീ ഓഫീസേഴ്സ് ടീം, വിപ്ലവത്തിന് ജനകീയ പിന്തുണ ഉറപ്പാക്കാൻ ഇഖ്‌വാനുൽ മുസ്‌ലിമൂനെയാണാശ്രയിച്ചത്. പക്ഷേ, ഭരണം പിടിയിലൊതുങ്ങി എന്ന് കണ്ടപ്പോൾ ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനു നൽകിയ ഉറപ്പുകൾ ലംഘിച്ചു, ജനാധിപത്യത്തിന് പകരം ഏകാധിപത്യവും ഇസ്‌ലാമിക ശരീഅത്തിനു പകരം മതേതര വ്യവസ്ഥയും നടപ്പാക്കി. ഇതിന് തടസ്സമാണെന്ന് കണ്ട ഇഖ്‌വാനെ നിരോധിക്കുകയും നേതാക്കളിൽ ചിലരെ തൂക്കിലേറ്റുകയും മറ്റുള്ളവരെ ജയിലിലടക്കുകയും ചെയ്തു. അവരുടെ കൂട്ടത്തിൽ മഹാനായ സയ്യിദ് ഖുത്വ്ബും ഉണ്ടായിരുന്നു. അദ്ദേഹം ആ ഘട്ടത്തിൽ എഴുതിയ ഗ്രന്ഥങ്ങളിലെ ചില പരാമർശങ്ങളാണ് കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാന വിരോധികൾ തെറ്റിദ്ധാരണപരമായ പ്രചാരണത്തിന് ഉപയോഗിക്കുന്നത്. തുഹ്ഫ

ത്തുൽ മുജാഹിദീന്റെ കർത്താവ് ഏതുപോലെ പോർച്ചുഗീസ് അധിനിവേശത്തിനെതിരെയുള്ള പോരാട്ടം ജിഹാദായി കണ്ടുവോ അതുപോലെയാണ് ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ പോരാട്ടത്തെ ഇഖ്‌വാനും സയ്യിദ് ഖുത്ബും ജിഹാദായി കണ്ടത്. സൈനുദ്ദീൻ മഖ്ദൂം സായുധ പോരാട്ടത്തെത്തന്നെ പ്രോത്സാഹിപ്പിച്ചപ്പോൾ ഇഖ്‌വാൻ സഹന സമരത്തിനാണ് ആഹ്വാനം ചെയ്തത് എന്ന വ്യത്യാസമുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് വേണ്ടി ഇസ്‌ലാമിക പ്രസ്ഥാനത്തെ ചവിട്ടിമെതിച്ച ഫാറൂഖ് രാജാവിനെ പോലെയോ, പിന്നീട് ജനാധിപത്യത്തെ കശാപ്പ് ചെയ്ത ജമാൽ അബ്ദുന്നാസിറിനെ പോലെയോ ആയിരുന്നില്ല കോഴിക്കോട്ടെ സാമൂതിരിമാർ. അവർ പ്രജകളെ സ്നേഹിക്കുകയും മുസ്‌ലിം പ്രജകൾക്ക് മത സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തു. അമുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ അത്തരം ഭരണകൂടങ്ങൾക്കെതിരെ വാളെടുക്കണമെന്ന് സയ്യിദ് മൗദൂദിയോ സയ്യിദ് ഖുത്ബോ പറഞ്ഞിട്ടില്ല. അവരുടെ ഗ്രന്ഥങ്ങൾ തന്നെ സാക്ഷി. വിശ്വാസ സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടം ജിഹാദാണെന്നല്ലാതെ, ഇസ്‌ലാം വിരുദ്ധ ശക്തികൾക്കെതിരായ സമരങ്ങളൊക്കെ ജിഹാദിന് പുറത്താണെന്ന് ശൈഖ് മഖ്ദൂം പറഞ്ഞിട്ടുമില്ല.

1941-ൽ ഇന്ത്യ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനമാരംഭിക്കുമ്പോൾ ഇവിടെയും ബ്രിട്ടീഷ് സംസ്കാരവും വിദ്യാഭ്യാസവും രാഷ്ട്രീയാധിപത്യവുമായിരുന്നു. അതിനെതിരെ ചിന്താപരമായും ബുദ്ധിപരമായുമുള്ള ജിഹാദാണ് പ്രസ്ഥാനവും അതിന്റെ നായകനും നടത്തിയത്. സായുധ പോരാട്ടത്തിന് ഒരിക്കലും ആഹ്വാനം ചെയ്തില്ല. ഒരു ഇസ്‌ലാമിക ഭരണക്രമം നിലവിൽ വരുന്നത് വരെ നിലവിലെ ഭരണകൂടത്തെ ധിക്കരിക്കണമെന്നും പറഞ്ഞില്ല. സമാധാന പരമായ പരിവർത്തനത്തിന് ശ്രമിക്കുന്നതോടൊപ്പം നിലവിലെ ഭരണകൂടത്തിന് വിധേയമായി ജീവിക്കണമെന്നാണ് ഉദ്ബോധിപ്പിച്ചത്. 1947-ൽ വിഭജനത്തെ തുടർന്ന് മൗദൂദി പാകിസ്താനിലേക്ക് പോയി. അവിടെയും ജീവിതാന്ത്യം വരെ അദ്ദേഹം അനിസ്‌ലാമിക സംസ്കാരത്തിനെതിരെ പൊരുതിയതല്ലാതെ ഭരണകൂടങ്ങളെ ധിക്കരിക്കാൻ ഒരിക്കലും ആഹ്വാനം ചെയ്തില്ല. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയാകട്ടെ 1948-ൽ അത് നിലവിൽ വന്നത് മുതൽ ഇന്നുവരെ രാജ്യത്തിന്റെ ഭരണഘടനക്ക് വിധേയമായി മാത്രം പ്രവർത്തിക്കുന്നു. സമഗ്രാധിപത്യത്തേക്കാളും ഏകാധിപത്യത്തേക്കാളും മതനിരപേക്ഷ ജനാധിപത്യം തന്നെയാണ് സ്വീകാര്യം എന്ന് ആവർത്തിച്ചു വ്യക്തമാക്കുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാമിന് തനതായ സാമൂഹികക്രമമോ രാഷ്ട്രീയ വ്യവസ്ഥയോ ഇല്ലെന്നും ആധുനിക ഭൗതിക പ്രത്യയശാസ്ത്രങ്ങൾ ഉദ്ഘോഷിക്കുന്ന മതനിരാസപരമായ രാഷ്ട്രീയ വ്യവസ്ഥയാണ് സ്വീകാര്യമെന്നും സമ്മതിക്കാൻ ജമാഅത്ത് ഒരിക്കലും തയാറല്ല. മറ്റെല്ലാ ഇസങ്ങൾക്കുമെന്ന പോലെ ഇസ്‌ലാമിനു വേണ്ടിയും സമാധാനപരമായി പ്രവർത്തിക്കാൻ ഇന്ത്യൻ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ടെന്നും അത് ചൂണ്ടിക്കാട്ടുന്നു. ഇത് സൈനുദ്ദീൻ മഖ്ദൂം കാണിച്ചുതന്ന പാതക്ക് വിരുദ്ധമാണെന്ന് തെളിയിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിലേ വിമർശനത്തിന് പ്രസക്തിയുള്ളൂ. നൂറ്റാണ്ടുകൾക്ക് മുമ്പ് നിലവിലിരുന്ന സാഹചര്യത്തിൽ ശൈഖ് മഖ്ദൂം എഴുതിയത് ആധുനിക മത നിരപേക്ഷ ജനാധിപത്യ ഇന്ത്യയെ മുന്നിൽ വെച്ചുകൊണ്ടായിരുന്നില്ല എന്നെങ്കിലും മനസ്സിലാക്കുക. ■

# നേർച്ച കുറ്റികൾ

■ ***അബ്ദുൽ മലിക് മുടിക്കൽ***

*"ഒരു ആരാധനാലയത്തോടൊപ്പവും ഒരു നിലവറയും ഇസ്‌ലാം സ്ഥാപിച്ചിട്ടില്ല. മക്കയിലെ പള്ളിയിലും മദീനാ പള്ളിയിലും ഒരു നേർച്ച കുറ്റി പോലും ഇസ്‌ലാം സ്ഥാപിച്ചിട്ടില്ല" (പ്രബോധനം ജൂലൈ 5, 2013). ധനശേഖരണത്തിന് ഇങ്ങനെയൊരു പദ്ധതി ഇസ്‌ലാമിൽ ഇല്ലാതിരിക്കെ കേരളത്തിലെ ഭൂരിപക്ഷം വരുന്ന പള്ളികൾക്ക് മുമ്പിലും നേർച്ച കുറ്റികൾ (പണപ്പെട്ടികൾ) സ്ഥാപിച്ചിരിക്കുന്നത് എന്തിനാണ്?*

ആരാധനാലയങ്ങളുടെ നടത്തിപ്പിനും ദൈനംദിന ചെലവുകൾക്കും സർക്കാർ സഹായമില്ലാത്ത ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ വിശ്വാസികളുടെ സംഭാവനകളാണ് സ്വാഭാവികമായും അവലംബം. സംഭാവനകൾ സ്വരൂപിക്കാനാണ് പണപ്പെട്ടികൾ സ്ഥാപിക്കുന്നത്. എന്നാൽ നേർച്ചക്കുറ്റികളിൽ വേണ്ടതും വേണ്ടാത്തതുമുണ്ട്. പള്ളി പരിപാലനത്തിന് പണം നേർച്ച നേർന്നവർക്ക് വേണ്ടി നേർച്ച കുറ്റികൾ സ്ഥാപിക്കുന്നത് കുറ്റപ്പെടുത്താൻ വയ്യ. മഹാന്മാരായി അറിയപ്പെടുന്നവരുടെ ഖബ്റിടങ്ങൾ സ്ഥിതിചെയ്യുന്ന പള്ളികളിൽ പുണ്യം ലക്ഷ്യമാക്കി നേർച്ച നേരുന്നതോ നേർച്ച കുറ്റികൾ സ്ഥാപിക്കുന്നതോ ഇസ്‌ലാമികമല്ലെന്നാണ് ആധികാരിക പണ്ഡിത മതം. പ്രവാചകൻ അത് വിലക്കിയതാണ് അവരുടെ അഭിപ്രായത്തിന് ആധാരം. ■

# ഉലമാക്കളും ഉമറാക്കളും

■ ***എ.ആർ ചെറിയമുണ്ടം***

*മുസ്‌ലിം സമുദായത്തിലെ സ്ത്രീധന സമ്പ്രദായത്താൽ ഏറ്റവുമധികം ദുരിതമനുഭവിക്കുന്നത് അവരിലെ ദരിദ്ര വിഭാഗമാണ്. സമുദായത്തിലെ ഉലമാക്കളും ഉമറാക്കളും പരോക്ഷമായി സ്ത്രീധനത്തിനനുകൂലമാണ്. എന്നിട്ടും മുസ്‌ലിം സാധുജനം അവരുടെ പിന്നിൽ തന്നെ അണിനിരക്കാൻ കാരണമെന്തായിരിക്കും?*

'എന്റെ സമുദായത്തിലെ രണ്ട് വിഭാഗം നന്നായാൽ സമുദായവും നന്നായി; അവർ ദുഷിച്ചാൽ സമുദായവും ദുഷിച്ചു. ഉമറാക്കളും ഉലമാക്കളും ആണവർ' എന്ന് മുന്നറിയിപ്പ് നൽകിയത് പ്രവാചകൻ(സ) ആണ്. പണ്ഡിതന്മാർ തിന്മ തടയാതിരുന്നതാണ് ഇസ്രാഈല്യർ അഭിശപ്തരാവാൻ കാരണം എന്ന് വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. മുതലാളിമാർ ലുബ്ധരും ഭരണാധികാരികൾ നാശകാരികളും പണ്ഡിതന്മാർ ആകാശത്തിന് താഴെ കഴിയുന്നവരിൽ ഏറ്റവും നീചരും ആവുന്ന കാലം വന്നാൽ ഭൂമിയുടെ ഉപരിതലത്തേക്കാൾ നല്ലത് അന്തർഭാഗമാണ് എന്ന പ്രവചനവും ഹദീസുകളിൽ കാണാം.

അതിനാൽ സ്ത്രീധനത്തെ മാത്രമല്ല, സകല അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഉലമാ-ഉമറാ മുസ്‌ലിം സമൂഹത്തിൽ ഉണ്ടായതും അവരെ ബോധമില്ലാത്ത ജനം പിന്തുടരുന്നതും അത്ഭുതകരമോ അപ്രതീക്ഷിതമോ അല്ല. എന്നാൽ നന്മ കൽപ്പിക്കാനും തിന്മ തുറന്നെതിർക്കാനും ആരെയും കൂസാത്ത പണ്ഡിതന്മാരും പൗരപ്രമുഖരും മുസ്‌ലിംകളിലുണ്ട് എന്നത് മഹാഭാഗ്യമായി കരുതണം. അവരുടെ പിന്നിൽ ജനങ്ങളെ അണിനിരത്താനാണ് വിവേകശാലികൾ യത്നിക്കേണ്ടത്. ■

# ഏകശിലാ രൂപമായ ഒരു പ്രസ്ഥാനം?

■ ***സാലിം ചോലയിൽ ചെർപ്പുളശ്ശേരി***

*" ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ജമാഅത്തെ ഇസ്‌ലാമി മൗദൂദി വിഭാവനം ചെയ്ത രീതിയിലുള്ള ഏകശിലാരൂപമായ ഒരു പ്രസ്ഥാനമായി ഇന്ന് ലോകത്തിൽ നിലനിൽക്കുന്നില്ല എന്നാണ്. ഈജിപ്തിലെ പ്രസ്ഥാനത്തെക്കുറിച്ച് ഞാൻ നേരിട്ട് പഠിച്ചിട്ടില്ലെങ്കിലും ഇന്തോനേഷ്യ, ബംഗ്ലാദേശ്, ഇന്ത്യ എന്നിവിടങ്ങളിലെ ജമാഅത്തെ ഇസ്‌ലാമിയുടെ വ്യത്യസ്ത സമീപനങ്ങളെക്കുറിച്ച് എനിക്ക് നേരിട്ട് ബോധ്യമുണ്ട്. ഇന്ത്യയിൽ തന്നെ ഉത്തരേന്ത്യയിലെയും കേരളത്തിലെയും അവരുടെ നിലപാടുകളിൽ അടിസ്ഥാനപരമായി വ്യത്യസ്തതയുണ്ട്" (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 91:18, ടി.ടി ശ്രീകുമാർ). മുജീബിന്റെ വിലയിരുത്തൽ എന്താണ്?*

ആദർശം, ലക്ഷ്യം, പ്രവർത്തന മാർഗം എന്നീ മൗലിക കാര്യങ്ങളിൽ ഒന്നായ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യ, പാകിസ്താൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ സ്വതന്ത്ര സംഘടനകളായി പ്രവർത്തിക്കുന്നത് തന്നെ ദേശീയ സാഹചര്യങ്ങൾക്കും സവിശേഷതകൾക്കും അനുസൃതമായ ഭിന്ന നയപരിപാടികൾ സ്വീകരിക്കാനാണ്. സ്വാഭാവികമായും ഈ രാജ്യങ്ങളിലെ ജമാഅത്തുകളുടെ സമീപനങ്ങളും വ്യത്യസ്തമായിരിക്കും. പാകിസ്താനും ബംഗ്ലാദേശും മുസ്‌ലിം ഭൂരിപക്ഷ നാടുകളാണ്. അവിടെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സജീവ രാഷ്ട്രീയത്തിൽ ഇടപെടുകയും തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുകയും ചെയ്യുന്നു. ഇന്ത്യ മുസ്‌ലിംകൾ ന്യൂനപക്ഷമായ മതേതര ജനാധിപത്യ രാജ്യമാണ്. ഇവിടെ ജനസംഖ്യയിൽ മഹാ ഭൂരിപക്ഷത്തിനും അജ്ഞാതമായ, ഒരുവേള നല്ലയളവിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട ഇസ്‌ലാമിനെ തനതായ രൂപത്തിൽ പരിചയപ്പെടുത്തുകയും പ്രബോധനം നടത്തുകയും ചെയ്ത ശേഷമേ അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ കഴിയൂ. അതേസമയം സർവമതങ്ങളോടും തുല്യ സമീപനം നിഷ്കർഷിക്കുന്ന മതനിരപേക്ഷതയും സമാവകാശങ്ങൾ ഉറപ്പ് നൽകുന്ന ജനാധിപത്യവും നിലനിൽക്കാനുതകുന്ന രാഷ്ട്രീയ സമീപനം സ്വീകരിക്കുകയും ചെയ്യുന്നു. മറ്റെല്ലാ സംഘടനകളെയും പോലെ ജമാഅത്തെ ഇസ്‌ലാമി ഹിന്ദിന് വിവിധ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾക്കനുഗുണമായ പ്രവർത്തന ശൈലിയും മുൻഗണനാക്രമങ്ങളും സ്വീകരിക്കുന്നു എന്നതിലപ്പുറം ഉത്തരേന്ത്യൻ ജമാഅത്തും കേരള ജമാഅത്തും ഭിന്ന സംഘടനകളല്ല. ■

# ശരീഅത്തും ഖുർആനും

■ പി. ഹസ്ക്കർ തവനൂർ

*തുല്യനീതിയോടെ ഭാര്യമാരെ നോക്കാൻ കഴിയുന്നവരോട് മാത്രമാണ് ബഹുഭാര്യാത്വം സ്വീകരിക്കാൻ ഖുർആൻ നിർദേശിക്കുന്നത്. പിന്നീട് ഇറങ്ങിയ വചനത്തിൽ ലോകത്തിലാര് വിചാരിച്ചാലും തുല്യനീതിയോടെ ഭാര്യമാരെ നോക്കാൻ കഴിയില്ലെന്നും അതുകൊണ്ട് ബഹുഭാര്യാത്വം അപ്രായോഗികമാണെന്നും പ്രഖ്യാപിക്കുന്നു. എന്നിട്ടും ശരീഅത്ത് നിയമത്തിൽ ഈ നിബന്ധനകൾ ഒഴിവാക്കി ഇഷ്ടം പോലെ കെട്ടാനും തോന്നുമ്പോൾ മൊഴി ചൊല്ലാനുമാണ് നിർദേശിക്കുന്നത്. അതേപോലെ ലോകത്ത് ഇസ്ലാമിക ഭരണം സ്ഥാപിക്കാൻ സത്യനിഷേധികളോടെല്ലാം യുദ്ധം ചെയ്യണമെന്ന നിയമം ശരീഅത്ത് തള്ളിക്കളയുകയും ചെയ്തു. അപ്പോൾ ശരീഅത്ത് നിയമങ്ങൾ ഖുർആനിലെ നിയമത്തോടെങ്ങനെയാണ് നീതിപുലർത്തുന്നത്?*

**വി**ശുദ്ധ ഖുർആനിൽ നിന്നും പ്രവാചക ചര്യയിൽനിന്നും നിർധാരണം ചെയ്യപ്പെട്ട വിധിവിലക്കുകളാണ് ശരീഅത്ത്. അതിനാൽ ശരീഅത്ത് മൂലസ്രോതസ്സുകളുമായി ഏറ്റുമുട്ടുന്ന പ്രശ്നമേ ഉദിക്കുന്നില്ല. മുജ്തഹിദുകളായ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ചിലപ്പോൾ പ്രത്യക്ഷത്തിൽ മൂലപ്രമാണങ്ങളോട് പൊരുത്തപ്പെടുന്നതല്ല എന്ന് തോന്നാം. അപ്പോഴും പ്രമാണങ്ങളുടെ വെളിച്ചത്തിൽ സാധൂകരിക്കപ്പെടുന്ന പണ്ഡിതാഭിപ്രായങ്ങൾക്കേ വിലയുള്ളൂ. ഖുർആൻ ഭാര്യമാർക്കിടയിൽ നീതി പാലിക്കാൻ കഴിയുന്നവർക്കാണ് ബഹുഭാര്യാത്വം അനുവദിച്ചത്. തുല്യ നീതി എന്നത് ഖുർആന്റെ പദപ്രയോഗമല്ല. "നിങ്ങൾ എത്ര ആഗ്രഹിച്ചാലും സ്ത്രീകൾക്കിടയിൽ നീതിപാലിക്കാൻ കഴിയില്ല. അതിനാൽ ഏതെങ്കിലും ഒരു ഭാര്യയോടു മാത്രം കവിഞ്ഞ ചായ്വ് കാണിക്കുകയും മറ്റവളെ കെട്ടിയിടപ്പെട്ടവളെപ്പോലെ വിട്ടേക്കുകയും ചെയ്യരുത്" (4:129) എന്നാണ് ഖുർആന്റെ ശാസന. ഭാര്യമാർക്കിടയിൽ നീതിപുലർത്താൻ കഴിയുമെന്ന് വിശ്വാസമില്ലാത്തവരും ഒന്നിലധികം ഭാര്യമാരെ ജീവനാംശം നൽകി സംരക്ഷിക്കാൻ കഴിവില്ലാത്തവരും പെണ്ണുകെട്ട് തൊഴിലും സമ്പാദ്യ മാർഗവുമാക്കിയവരും കുടുംബചരിത്രം എന്ന വൻ വിപത്തിനെ നിസ്സാരമാക്കിയവരുമൊക്കെ ബഹുഭാര്യാത്വത്തിനുള്ള ശരീഅത്തിന്റെ അനുവാദം ദുരുപയോഗപ്പെടുത്തുന്നുണ്ട്. ശരീഅത്ത് നടപ്പിലുള്ള നാടുകളിൽ ഇത്തരം ദുരുപയോഗം തടയാൻ നിയമപരമായ നിയന്ത്രണങ്ങളാവശ്യമാണ്. ശരീഅത്ത് നിലവിലില്ലാത്ത സമൂഹങ്ങളിൽ അനിയന്ത്രിത ബഹുഭാര്യാത്വത്തിന് വേണ്ടി വാദിക്കുന്നത് ന്യായീകരണ മർഹിക്കുന്നില്ല.

ലോകത്ത് ഇസ്ലാമിക ഭരണം സ്ഥാപിക്കാൻ സത്യനിഷേധികളോട് യുദ്ധം ചെയ്യണമെന്ന ഒരു ശാസനയും ഖുർആനിലോ ശരീഅത്തിലോ ഇല്ല. ഇസ്ലാമിക രാഷ്ട്രത്തിനെതിരെ ശത്രുക്കൾ യുദ്ധത്തിനൊരുങ്ങുകയോ അഥവാ യുദ്ധം നടത്തുകയോ ചെയ്താൽ സൈനിക പ്രതിരോധം വേണമെന്നാണ് ശാസന. ശത്രുക്കൾ സമാധാന സന്ധിക്ക് തയാറായാൽ അതിന് വഴങ്ങണമെന്നും ഖുർആൻ കൽപിച്ചിട്ടുണ്ട്. ഒരു രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷവും ഇസ്ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിനനുകൂലമാണെങ്കിൽ മാത്രമേ അവിടെ ഇസ്ലാമിക ഭരണം സ്ഥാപിക്കേണ്ടതുള്ളൂ.

■